കരുണ എസ്റ്റേറ്റ് അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നതിനെതിരെ നടപടി

169 (1225) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് അനധികൃതമായി ഭൂമി കൈവശം വച്ചുവരുന്നത് സംബന്ധിച്ച് നിയമസഭയിൽ ഉയർന്നുവന്ന ആക്ഷേപത്തെ തുടർന്ന് അന്വേഷണത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥ സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാണെന്ന കാര്യത്തിൽ ഇപ്പോഴും സംശയം ഉണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വേ നടത്തുന്നതിന് ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5473/2014/റവന്യൂ പ്രകാരം സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവിനുപ്രകാരം നിയോഗിക്കപ്പെട്ട ടീമിന്റെ സർവ്വെ നടപടികൾ തുടർന്നുവരുന്നു.

(സി) റിപ്പോർട്ടിന്റെ ഒരു പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.

കരുണ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് കൈമാറിയ നടപടി

170 (1226) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകിയത് നിയമാനുസൃതമായിരുന്നോ ; അല്ലെങ്കിൽ ആയത് റദ്ദു ചെയ്തിട്ടുണ്ടോ : വിശദാംശം ലഭ്യമാക്കുമോ ;

(ബി) പോക്കുവരവ് ചെയ്തുനല്കിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ; എന്തായിരുന്നു കണ്ടെത്തൽ ; എന്തായിരുന്നു ശിപാർശകൾ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly